# Visit of External Affairs Minister to United Arab Emirates

November 26, 2020

---

## യുണൈറ്റഡ് അറബ് എമിറേറ്റ്സിലേക്കുള്ള വിദേശകാര്യമന്ത്രിയുടെ സന്ദർശനം

നവംബർ 26, 2020

2020 നവംബർ 25 -26 തിയ്യതികളിലായി വിദേശകാര്യമന്ത്രി ഡോ. എസ് ജയശങ്കർ യു എ ഇ യിലേക്ക് രണ്ടു ദിവസത്തെ ഔദ്യോഗിക സന്ദർശനം നടത്തി. സന്ദർശനത്തിനിടയിൽ, അബുദാബി കിരീടാവകാശി ഷെയ്ഖ് മുഹമ്മദ് ബിൻ സയ്യിദ് അൽ നഹ്യാനുമായും യു എ ഇ പ്രതിരോധ മന്ത്രി ഷെയ്ഖ് അബ്ദുല്ല ബിൻ സയ്യിദ് അൽ നഹ്യാനുമായും കൂടിക്കാഴ്ച നടത്തി.കൂടാതെ അബുദാബിയിലെ ഇന്ത്യൻ കമ്യൂണിറ്റി പ്രതിനിധികളുമായി അദ്ദേഹം വിർച്ചൽ കൂടിക്കാഴ്ച നടത്തി.

നവംബർ 25 നു വിദേശകാര്യമന്ത്രി അബുദാബി കിരീടാവകാശിയെ കാണുകയും, കോവിഡ് -19 പകർച്ചവ്യാധി സമയത്ത് ഇന്ത്യയിൽ നിന്നുള്ളവർക്ക് മഹത്തായ പിന്തുണ നൽകിയ യു എ ഇ നേതൃത്വത്തിന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയിൽ നിന്നുള്ള അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുകയും ചെയ്തു.പരസ്പരം ഇരു രാജ്യങ്ങൾക്കും താല്പര്യമുള്ള പ്രാദേശികവും അന്തർദേശീയവുമായ വിഷയങ്ങളിൽ അവർ ചർച്ചകൾ നടത്തി.

നവംബർ 26 നു വിദേശകാര്യാമന്ത്രിയും യു എ ഇ വിദേശകാര്യമന്ത്രിയും തമ്മിൽ ഉഭയകക്ഷി പ്രശ്നങ്ങളെക്കുറിച്ച് സമഗ്രമായ ചർച്ചകൾ നടത്തി.കോവിഡ് -19 പകർച്ച വ്യാധിയെ നേരിടുന്നതിന് ആരോഗ്യ രംഗത്തും സാമ്പത്തിക രംഗത്തും ഇന്ത്യ നേടിയ പുരോഗതിയെ കുറിച്ച് വിദേശകാര്യമന്ത്രി യു എ ഇ വിഭാഗത്തോട് വിശദീകരിച്ചു. വ്യവസായം, നിക്ഷേപം, ഊർജം , ഭക്ഷ്യ സുരക്ഷ കൂടാതെ പ്രതിരോധം എന്നിവ ഉൾപ്പടെയുള്ള സമഗ്രമായ നയതന്ത്ര പങ്കാളിത്തത്തിന്റെ വിവിധ വശങ്ങളിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണത്തെക്കുറിച്ചും വര ചർച്ച ചെയ്തു. അടുത്തിടെ നടന്ന പ്രാദേശികവും അന്ത്രദേശീയവുമായ സംഭവവികാസങ്ങളെ വിദേശകാര്യാമന്ത്രിയും യു എ ഇ വിദേശകാര്യമന്ത്രിയും ചർച്ച ചെയ്യുകയും വിവിധ വിഷയങ്ങളിൽ സഹകരണം തുടരുന്നതിനോട് അനുകൂലിക്കുകയും ചെയ്തു.

അബുദാബിയിലെ ഇന്ത്യൻ സമൂഹവുമായുള്ള വിർച്ചൽ മീറ്റിംഗിൽ, കോവിഡ് പകർച്ചവ്യാധിയിൽ സമൂഹത്തെയാകമാനം പിന്തുണയ്ച്ച ഇന്ത്യൻ അസോസിയേഷനുകളുടെ പ്രവർത്തനത്തെ വിദേശകാര്യമന്ത്രി അഭിനന്ദിച്ചു. കോവിഡിന് ശേഷമുള്ള എല്ലാ പ്രശ്നങ്ങളും സ്വാഭാവിക സ്ഥിതിയിലേക്ക് കൊണ്ടുവരുന്നതിനുള്ള ഭരണകൂടത്തിന്റെ ഉത്തരവാദിത്വം അദ്ദേഹം ഉറപ്പു നൽകി.

**അബു ദാബി**
**26 നവംബർ , 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.